(സി) കൂവ്വപ്പടി ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൻമേൽ സർക്കാർ ആവശ്യപ്പെട്ട പ്രകാരം എറണാകുളം ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ തനത് ഫണ്ടിനെ സംബന്ധിക്കുന്ന പരിശോധനാ റിപ്പോർട്ട് നൽകിയിരുന്നു. 9-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ 381/03/ധന പ്രകാരം ടി തുക വി. പി. എഫ്. അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിക്കുന്നതിന് കൂവ്വപ്പടി ഗ്രാമപഞ്ചായത്ത് യഥാസമയം ആവശ്യമായ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ലാത്തതിനാലാണ് ടി അക്കൗണ്ടിൽ 31-3-2004-ൽ മിച്ചമായി നിലനിന്നിരുന്ന തുക സർക്കാരിലേക്ക് തിരിച്ചുവരവ് വയ്ക്കുന്നതിന് ഇടയായത്. നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടിൽ ബാക്കി തുകയൊന്നും ഇല്ലാത്തതിനാൽ തുക തിരികെ നൽകണമെന്ന അപേക്ഷ പരിഗണിക്കുവാൻ സാധിച്ചില്ല. 10-12-2004-ലെ സർക്കാർ കത്ത് നമ്പർ 69808/ബ. വി. ജെ2/04/ധന പ്രകാരം കൂവ്വപ്പടി ഗ്രാമ പഞ്ചായത്തിനെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) പഞ്ചായത്തിന്റെ ഭാഗത്തുനിന്നും സമയോചിതമായ നടപടി ഉണ്ടാകാത്തത് കൊണ്ടാണ് ഫണ്ട് നഷ്ടപ്പെടുവാൻ ഇടയായത്. നിറുത്തലാക്കിയ ഫണ്ടിൽ തുകയൊന്നും ബാക്കിയില്ലാത്തതിനാൽ തുക ടി അക്കൗണ്ടിൽ നിന്നും തിരികെ നൽകാൻ കഴിയുകയില്ല.

(എഫ്) ഉണ്ട്.

(ജി) 9-7-2003-ൽ നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടിൽ മിച്ചമായി നില നിന്ന തുക 31-3-2004-ൽ സർക്കാരിലേക്ക് തിരിച്ചുവരവ് വച്ച സാഹചര്യത്തിൽ ഇപ്പോൾ അക്കൗണ്ടിൽ തുകയൊന്നും ലഭ്യമല്ല. ആയതിനാൽ തുക് തിരികെ നൽകുന്നതിന് കഴിയുകയില്ല.

(എച്ച്) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 9-7-2003-ൽ നിറുത്തലാക്കിയ പ്ലാൻ പി. ഡി. അക്കൗണ്ടുകളിൽ നിന്ന് മാറ്റി നിക്ഷേപിക്കുവാൻ കഴിയാതെ വന്നതും ലാപ്സായതുമായ അനുവദനീയ ഫണ്ടുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭരണവകുപ്പിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിച്ച് ഒരു തീരുമാനം എടുക്കുന്നതാണ്.

(ഐ) ബാധകമല്ല.

വിദേശമദ്യ വിൽപ്പന

19 [475] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നു ശേഷം ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന വിദേശമദ്യത്തിന്റെ വില സംസ്ഥാന സർക്കാർ എത്ര തവണ വർദ്ധിപ്പിച്ചിട്ടുണ്ട്; അവസാനമായി വില വർദ്ധിപ്പിച്ചത് എന്നാണ്;

(ബി) ഓരോ ബ്രാന്റിനും എത്ര ശതമാനമാണ് വർദ്ധനവ് വരുത്തിയത്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് ഓരോ ബ്രാന്റിലും എത്ര ശതമാനമാനം വാർഷിക വരുമാനം ലഭിച്ചു; ഓരോ ബ്രാന്റിന്റേയും ഡിസ്റ്റിലറി ഉടമകൾക്ക് ലഭിച്ച അധിക വരുമാനം എത്ര;

(ഡി) വില വർദ്ധനവിനുശേഷം 2005 ഡിസംബർ 31 വരെ ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് ലഭിച്ച അധിക വരുമാനം എത്ര; ഈ കാലയളവിൽ ഡിസ്റ്റിലറി ഉടമകൾക്ക് ലഭിച്ച അധിക വരുമാനം എത്ര;

(ഇ) 2003-04, 2004-05, 2005 ഡിസംബർ 31 വരെ ഓരോ വർഷവും സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ് എന്നിവ വഴി എത്ര ലിറ്റർ മദ്യം വിൽപ്പന നടത്തി; ഈ ഇനത്തിൽ സംസ്ഥാന സർക്കാരിന് ഓരോ വർഷവും ലഭിച്ച വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) 2005 ഡിസംബർ 20 മുതൽ 31 വരെയുള്ള തീയതികളിൽ വിദേശമദ്യ വിൽപ്പനയിൽനിന്നും സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1-4-2001 മുതൽ 31-3-2003 വരെയുള്ള കാലയളവിൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില വർദ്ധിപ്പിച്ചിട്ടില്ല. 1-4-2003 മുതൽ തങ്ങളുടെ ഉൽപ്പന്നങ്ങളുടെ വില സ്വതന്ത്രമായി നിശ്ചയിക്കുന്ന (Free pricing) സമ്പ്രദായം നിലവിൽ വന്നു. ഈ സമ്പ്രദായം അനുസരിച്ച് മദ്യക്കമ്പനികൾക്ക് തങ്ങളുടെ വില കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാം. ഈ സമ്പ്രദായപ്രകാരം ഉൽപ്പാദകർക്ക്, സർക്കാരിന്റേയോ, കോർപ്പറേഷന്റേയോ ഇടപെടൽ ഇല്ലാതെ തന്നെ, വില നിശ്ചയിക്കുവാൻ അനുവാദം ഉണ്ടായിരിക്കുന്നതാണ്. വിവിധ കാലയളവുകളിലെ വില വർദ്ധനവ് സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു:

(i) 2001-02 ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും, ബിയറും — വില വർദ്ധനവ് ഇല്ല.

(ii) 2002-03 ഇൻഡ്യൻ നിർമ്മിത വിദേശമദ്യവും, ബിയറും — വില വർദ്ധനവ് ഇല്ല.

(iii) 2003-04 ഫ്രീ പ്രൈസിംഗ് സംവിധാനം
ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തെ സംബന്ധിച്ച് ഉദ്ധരിച്ച വില (Quated Price)അംഗീകരിക്കുകയും ബിയറിനെ സംബന്ധിച്ച് പ്രചാരത്തിലുള്ള വിലയിൽ നിന്നും പരമാവധി 10% വർദ്ധനവ് അംഗീകരിക്കുകയും ചെയ്തു.

(iv) 2004-05 ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിനും ബിയറിനും ഉദ്ധരിച്ചവില (Quated Price) അംഗീകരിച്ചു. (ഫ്രീ പ്രൈസിംഗ്)

(v) 2005-06 ഇൻഡ്യൻ നിർമ്മിത വിദേശ മദ്യത്തിനും ബിയറിനും ഉദ്ധരിച്ചവില (Quated Price) അംഗീകരിച്ചു. (ഫ്രീ പ്രൈസിംഗ്).

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധം 'എ' യിൽ വിവരിച്ചിട്ടുണ്ട്. †

(സി ആന്റ് ഡി) 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെ കോർപ്പറേഷന്റെ വിറ്റുവരവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 239.13 കോടി രൂപയുടെ വർദ്ധനവും, സർക്കാരിന്റെ വരുമാനത്തിൽ 155.08 കോടി രൂപയുടെ വർദ്ധനവും ഉണ്ടായിട്ടുണ്ട്. 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെയുള്ള കാലയളവിൽ മദ്യം വാങ്ങിയ ഇനത്തിൽ മദ്യകമ്പനികൾക്ക് 374.72 കോടി രൂപ നൽകുകയുണ്ടായി. മുൻവർഷം ഇതേ കാലയളവിൽ ഇതിനായി നൽകിയത് 327.38 കോടി രൂപയാണ്. (47.34 കോടി രൂപ അധികം).

(ഇ) അനുബന്ധം 'ബി' കാണുക. †

(എഫ്) 2005 ഡിസംബർ 20 മുതൽ 31 വരെയുള്ള കാലയളവിൽ കോർപ്പറേഷന്റെ വിറ്റുവരവ് 113.31 കോടി രൂപയാണ്.

കുന്ദമംഗലം റെയ്ഞ്ച് ആഫീസിന് കെട്ടിടം പണിയുന്നതിന് നടപടി

20 [477] ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കുന്ദമംഗലം മണ്ഡലത്തിൽ പന്തീർപ്പാടത്ത് സ്ഥിതിചെയ്യുന്ന എക്സൈസ് റെയ്ഞ്ച് ആഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കെട്ടിടം ജീർണ്ണിച്ച് നിലംപൊത്താറായ വിവരം സർക്കാരിന് അറിയാമോ;

(സി) കുന്ദമംഗലം എക്സൈസ് റെയ്ഞ്ച് ആഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കെട്ടിടം പണിയുന്നതിനുവേണ്ടി കണ്ടെത്തി നൽകിയ സ്ഥലം ഏത് ഭാഗത്താണ് എന്ന് റീസർവ്വെ തിരിച്ച് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്ഥലം ഇന്ന് ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ സ്ഥലത്ത് റെയ്ഞ്ച് ആഫീസ് പണിയാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ജി) കെട്ടിടത്തിന്റെ പ്രവൃത്തി എന്നാരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly